(ബി) ഓരോ വിഭാഗത്തിനും എത്ര രൂപ വീതമാണ് നൽകി വരുന്നതെന്നും, വിതരണത്തിൽ കാലതാമസം നേരിടുന്നുണ്ടോയെന്നും നിലവിലുള്ള കുടിശ്ശിക എത്രയെന്നും അറിയിക്കുമോ;

(സി) പെൻഷന് അർഹത ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വരുമാന പരിധി എത്രയെന്നുള്ളതിനെ സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) നിലവിലുള്ള വരുമാന പരിധി അർഹരായ പലർക്കും പെൻഷൻ നിഷേധിക്കുന്നതിന് ഇടയാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പെൻഷനുകളുടെ കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കാൻ സർക്കാർ എടുത്തുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, അഗതികളായ വിധവകൾ, 65 വയസ്സ് കഴിഞ്ഞ നിർദ്ധനരായവർ, അവിവാഹിതരും അൻപത് വയസ്സ് കഴിഞ്ഞവരുമായ സ്ത്രീകൾ എന്നീ വിഭാഗങ്ങൾക്കാണ് സാമൂഹ്യക്ഷേമ വകുപ്പ് വഴി പ്രതിമാസ പെൻഷൻ അനുവദിക്കുന്നത്.

(ബി) മേൽ വിവരിച്ച എല്ലാ വിഭാഗങ്ങൾക്കും പ്രതിമാസം 110 രൂപ എന്ന നിരക്കിലാണ് ഇപ്പോൾ പെൻഷൻ തുക നൽകി വരുന്നത്. പ്രസ്തുത പെൻഷനുകളുടെ വിതരണത്തിൽ നിലവിൽ കാലതാമസമോ കുടിശ്ശികയോ ഇല്ല.

(സി) വിവിധ വിഭാഗം പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും, വരുമാന പരിധി സംബന്ധിച്ച ഉത്തരവുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പെൻഷനുകളൊന്നും കുടിശ്ശികയായിട്ടില്ല.

സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമം

51 [1190] ശ്രീ. കോവൂർ കുഞ്ഞുമോൻ:

„ എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗർ ഉണ്ട് എന്നും അവരിൽ 40% ന് മുകളിൽ അംഗവൈകല്യമുള്ളവർ, സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എന്നിവർ എത്രപേർ വീതമുണ്ടെന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വികലാംഗരുടെ പെൻഷൻ എത്ര ഗഡു കുടിശ്ശികയുണ്ട് എന്ന് വെളിപ്പെടുത്തുമോ; പെൻഷൻ മൊത്തമായും കുടിശ്ശിക തീർത്തുനൽകാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) വികലാംഗരായ എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക പദ്ധതി പ്രകാരം സ്ഥിരം ജോലി നൽകി എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) വികലാംഗരായ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; ആയത് അർഹതപ്പെട്ടവർക്ക് ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ലഭ്യമല്ല.

(ബി) ഡിസംബർ 2003 വരെയുള്ള വികലാംഗ പെൻഷൻ വിതരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. അതിനാൽ കുടിശ്ശിക ഇല്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) വികലാംഗർക്ക് സ്കോളർഷിപ്പ്, ട്രെയിനിംഗ് എന്നിവ സാമൂഹ്യക്ഷേമ വകുപ്പുവഴി നൽകിവരുന്നുണ്ട്. സർക്കാർ അംഗീകാരമുള്ള സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന 40%ൽ കുറയാതെ വൈകല്യമുള്ളവരും 24,000 രൂപയിൽ കവിയാത്ത വാർഷിക കുടുംബവരുമാനമുള്ളവരുമായ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകിവരുന്നു:

ക്ലാസ്	ഡേ-സ്കോളർ	ഹോസ്റ്റലേഴ്സ്	റിക്യുസിറ്റ് അലവൻസ്
സ്റ്റാൻഡേർഡ് 1—4	30 രൂപ പ്രതിമാസം	..	25 രൂപ പ്രതിവർഷം
സ്റ്റാൻഡേർഡ് 5—8	45 ,,	..	40 രൂപ പ്രതിവർഷം
സ്റ്റാൻഡേർഡ് 9—പി.ഡി.സി.	85 ,,	140 രൂപ പ്രതിമാസം	അന്ധർക്ക് പ്രതിമാസം 50 രൂപ വായനബത്ത
ബി.എ./ബി.എസ്സി./ബികോം.	125 ,,	180 ,,	75 രൂപ പ്രതിമാസം
ബി.ഇ./ബി.ടെക്./എം.ബി.ബി.എസ്./എം.എ./എം.എസ്സി./എൽ.എൽ.ബി.	170 ,,	240 ,,	100 ,,

സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന 21 വയസ്സിന് താഴെയുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിവർഷം 900 രൂപ സ്റ്റൈപ്പന്റ് നൽകിവരുന്നു. വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്ന വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്ററിലുള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly